TRIDA **Thiruvananthapuram Development Authority**
JAYAMANSION, VAZHUTHACAUD, SASTHAMANGALAM P.O.,
THIRUVANANTHAPURAM-695010.
PHONE: 2722748, 2722238, 2722171 FAX: 2726615.
email: tridasecretary@gmail.com website: www.tridatvm.org.

23.07.2021

എ1/1192/2021/ട്രിഡ

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം വികസന അതോറിറ്റിയുടെ വഴുതയ്ക്കാട്ടുള്ള ഓഫീസിലും വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലും സെക്യൂരിറ്റി ജോലിയ്ക്ക് കരാർ അടിസ്ഥാനത്തിൽ എക്സ് സർവീസ് ആളുകളെ നൽകുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും. സെക്യൂരിറ്റി ചെയ്യേണ്ട ജോലികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

## നിബന്ധനകൾ

I. ആവശ്യമായ സെക്യൂരിറ്റി സ്റ്റാഫിന്റെ എണ്ണവും ജോലി സമയവും.

| | | |
|---|---|---|
| ട്രിഡയുടെ ഓഫീസ് | 2 | രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 വരെയും<br>വൈകുന്നേരം 6.00 മണി മുതൽ രാവിലെ 6.00മണി വരെയും. |
| കേദാരം ഷോപ്പിംഗ് കോംപ്ലക്സ് | 2 | do- |
| സാഫല്യം കോംപ്ലക്സ് | 1 | വൈകുന്നേരം 6.00 മണി മുതൽ രാവിലെ 6.00 മണി വരെ. |
| ട്രിഡ സെന്റർ (മെഡിക്കൽ കോളേജ്) | 1 | രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ |
| ചാല സൗഭാഗ്യ കോംപ്ലക്സ് | 2 | രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 വരെയും<br>വൈകുന്നേരം 6.00 മണി മുതൽ രാവിലെ 6.00മണി വരെയും |

II. 1. അവധി ദിവസങ്ങളിലും (പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ) പകലും രാത്രിയും യൂണിഫോം ധരിച്ച് ഡ്യൂട്ടി ചെയ്യേണ്ടതാണ്.

2. ഡ്യൂട്ടി സമയത്ത് എന്തെങ്കിലും സാധനങ്ങൾ നഷ്ടപെടുകയോ ഓഫീസിനും സ്ഥാപനത്തിനും കേടുപാടുകൾ സംഭവിയ്ക്കുയോ ചെയ്യുന്നെങ്കിൽ പ്രസ്തുത നഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയായിരിക്കും.



Scanned with CamScanner

3. രാത്രി ഡ്യൂട്ടി സമയത്ത് ഓഫിസിൽ വരുന്ന ടെലിഫോൺ കോളുകൾ അറ്റന്റ് ചെയ്യേണ്ടതും അത്യാവശ്യ കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ അറിയിക്കേണ്ടതുമാണ്.

4. ഓഫീസ് സമയത്തിനു മുമ്പും ഓഫീസ് സമയം കഴിഞ്ഞും പുറത്ത് നിന്ന് ആരെയും ഓഫിസിൽ പ്രവേശിപ്പിയ്ക്കുവാൻ പാടില്ല.

5. കൂടാതെ മേലധികാരികൾ നിർദ്ദേശിക്കുന്ന സെക്യൂരിറ്റി സംബന്ധമായ മറ്റ് അത്യാവശ്യകാര്യങ്ങളും യഥാസമയം ചെയ്യേണ്ടതാണ്.

6. 60 വയസ്സിനു താഴെ പ്രായമുള്ള പൂർണ്ണ ആരോഗ്യവാന്മാരായ വിമുക്ത ഭടന്മാരെ മാത്രമേ സെക്യൂരിറ്റി ജോലിയ്ക്ക് നിയോഗിക്കാവൂ.

താൽപര്യമുള്ള ഏജൻസികൾ അവരുടെ പ്രതിമാസ നിരക്കുകൾ രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 5000/- രൂപയുടെ നിരത്രവ്യം നിർദ്ദിഷ്ട അധികാരികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകളുടെ (viz; PF code, Certificate for Central Goods And Service Tax Act 2017, 2005 ലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസി ആക്ട് പ്രകാരവും 1970 ലെ കോൺട്രാക്ട് ലേബർ ആക്ട് പ്രകാരവുമുള്ള ലൈസൻസ് etc) പകർപ്പ് സഹിതം 2021 ആഗസ്റ്റ് മാസം 2 -ാം തീയതി വൈകിട്ട് 3 മണിയ്ക്ക് മുമ്പായി വഴുതയ്ക്കാട്ടുള്ള ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം ലഭ്യമാകുന്ന ക്വട്ടേഷനുകൾ ആഗസ്റ്റ് 3-ാം തീയതി 3 മണിയ്ക്ക് ഓപ്പൺ ചെയ്യുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വഴുതയ്ക്കാട്ടുള്ള ട്രിഡ ഓഫീസുമായി ബന്ധപ്പെടുക.

ഒപ്പ്
സെക്രട്ടറി

പകർപ്പ് : ട്രിഡ വെബ്സൈറ്റ്

നോട്ടീസ് ബോർഡ് (ട്രിഡ ഓഫീസ്).

LR/-

Scanned with CamScanner